**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2053 — 13.06.2019 ൽ മറുപടിക്ക്

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയാമോ ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | നിലവിൽ 2019 മാർച്ച് 31 വരെ വാലിഡ് ആയ ആർ.എസ്.ബി.വൈ / ചിസ് കാർഡ് ഉള്ളവരും, 2011 ൽ നടത്തിയ സാമൂഹിക സാമ്പത്തിക ജാതി സെൻസസ് (SECC) പ്രകാരം പിന്നോക്കാവസ്ഥയിലുള്ള അർഹരായ കുടുംബാംഗങ്ങളും ആണ് 2019-20 സാമ്പത്തിക വർഷം കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുന്നത്. |
| (ബി) | പദ്ധതി പ്രകാരം സംസ്ഥാനത്തെ എത്ര കുടുംബങ്ങൾക്കാണ് ചികിത്സാസഹായം ലഭിക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ നിലവിൽ ആർ.എസ്.ബി.വൈ/ ചിസ് പദ്ധതിയിൽ അംഗങ്ങളായ ഏകദേശം 41 ലക്ഷം കുടുംബങ്ങൾ പദ്ധതിയിൽ അംഗങ്ങളാകും. |
| (സി) | പദ്ധതി പ്രകാരം ഓരോ കുടുംബത്തിനും എത്ര രൂപയുടെ ആരോഗ്യ പരിരക്ഷയാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം ഒരു കുടുംബത്തിന് 5,00,000/- രൂപ വരെയുള്ള സൗജന്യ ആരോഗ്യ പരിരക്ഷ തിരഞ്ഞെടുത്ത സർക്കാർ/ സ്വകാര്യ/ സഹകരണ ആശുപത്രികൾ വഴി ലഭ്യമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ